# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1255** **05.03.2020-ൽ മറുപടിയ്ക്ക്**

## മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള ഹൗസിംഗ് കോളനി

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) മുൻ സർക്കാരിന്റെ കാലത്ത് സ്ഥലം ഏറ്റെടുക്കുകയും ഈ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാക്കുകയും ചെയ്ത മുട്ടത്തറയിലെ മത്സ്യത്തൊഴിലാളികൾക്കായുള്ള ഹൗസിംഗ് കോളനിയിൽ എത്ര കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ; | എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610 ൽ പ്പെട്ട ക്ഷീരവികസന വകുപ്പിന് കീഴിലുള്ള 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറക്കിട്ടിയിരുന്നില്ല. മാത്രമല്ല അന്ന് വീട് നിർമ്മാണത്തിന് കൈമാറാനുദ്ദേശിച്ചിരുന്ന സ്ഥലം പൂർണ്ണമായും വാസയോഗ്യമായിരുന്നില്ല. തിരുവനന്തപുരം ജില്ലാകളക്ടറുമായും ക്ഷീരവികസന വകുപ്പ് മന്ത്രിയുമായും ഇക്കാര്യം ചർച്ച് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം അളന്നുതിട്ടപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലത്ത് തൊഴിലെടുത്തിരുന്ന ഫാം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും സ്ഥലം കൈമാറുന്നതിന് തടസ്സമായി നിലനിന്നിരുന്നു. ഫാം തൊഴിലാളികളെ മത്സ്യഫെഡിന്റെ കീഴിലുള്ള നെറ്റ് ഫാക്ടറിയിൽ പുനർവിന്യസിച്ച് അവർക്ക് ജോലി ഉറപ്പാക്കുമെന്ന വ്യവസ്ഥയിലാണ് സ്ഥലം കൈമാറ്റം നടന്നത്. മുൻസർക്കാരിന്റെ കാലത്ത് 370 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള വീടായിരുന്നു വിഭാവനം ചെയ്തിരുന്നതെങ്കിൽ ഈ സർക്കാർ അത് 540 സ്ക്വയർ ഫീറ്റായി ഉയർത്തുകയും ചെയ്തു. 24/03/2017 ൽ ഫ്ളാറ്റ് നിർമ്മാണത്തിന് ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി വകുപ്പ് കോൺട്രാക്റ്റിൽ ഏർപ്പെടുകയും പ്രസ്തുത സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മാണം |

16/02/2018 ന് പൂർത്തീകരിക്കുകയും ചെയ്തു. 192 കുടുംബങ്ങൾക്കും ഫ്ളാറ്റ് കൈമാറിയിട്ടുണ്ട്.

ബി) തീരദേശത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റുന്ന പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് പ്രസ്തുത ഹൗസിംഗ്. കോളനിയിൽ ഫ്ളാറ്റ് അനുവദിച്ചിട്ടുണ്ടോ;

ബി) മുട്ടത്തറ ഫ്ളാറ്റിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

സി) പ്രസ്തുത പദ്ധതി വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ മറ്റ് ജില്ലകളിലെ തീരദേശത്ത് കൂടി ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്നും പദ്ധതി സംബന്ധിച്ച് നിയമസഭാ സാമാജികരുടെ യോഗം ചേർന്നിരുന്നോയെന്നും വിശദമാക്കുമോ;

സി) ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ ത്തിനായി 92 ഫ്ളാറ്റ് അപ്പാർട്ട്മെൻറുകൾ നിർമ്മിക്കുന്നതിന് ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കു ന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യുഎസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് പുനരധി വസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനർഗേഹം പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തിയിട്ടുണ്ട്.

ഡി) ഇത്തരം ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ ഏജൻസികളു ടെയോ എന്തെങ്കിലും ധനസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

ഡി) ഇല്ല സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ചാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്.

**സെക്ഷൻ ആഫീസർ**